"ഭരണഭാഷ-മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- ജീവനകാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ഡെപ്യൂട്ടി ഡയറക്ടർമാർക്ക് റേഷ്യോ പ്രോമോഷൻ നൽകി ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ(എസ്റ്റാബ്ലീഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.6155/2022/ധന** **തീയതി, തിരുവനന്തപുരം, 01/09/2022**

പരാമർശം: 1. സ.ഉ.(സാധാ)നം.27/2021/ധന, തീയതി 10.02.2021.
2. സ.ഉ.(സാധാ)നം.6880/21/ധന, തീയതി 23.10.2021.
3. സ.ഉ.(സാധാ)നം.4603/22/ധന, തീയതി 23.06.2022.
4. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08/08/2022 തീയതിയിലെ കെ.എസ്.എ.1/എസ്റ്റാ.1/2022 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ആകെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ $1/_3$rd തസ്തിക ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) ആയി പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. പരാമർശം 2 ഉത്തരവ് പ്രകാരം ശ്രീമതി.അമ്പിളി എം.ഡി. വരെയുള്ള ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഡെപ്യൂട്ടി ഡയറക്ടർ ഹയർ ഗ്രേഡ് പ്രമോഷൻ നൽകിയിട്ടുണ്ട്. പരാമർശം 3 ഉത്തരവ് പ്രകാരം ഏറ്റവും സീനിയറായിട്ടുള്ള ശ്രീ. ഷാജഹാൻ എം., ശ്രീ. രാധാകൃഷ്ണൻ എം.എൻ., ശ്രീമതി. ലത എം.എൻ., ശ്രീ. വാസുദേവൻ എം., ശ്രീമതി. ഗിരിജ കെ.കെ., എന്നീ അഞ്ച് (5) ഹയർ ഗ്രേഡ് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സീനിയർ ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റവും ലഭിച്ചിട്ടുണ്ട്. കൂടാതെ, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) തസ്തികയിലുള്ള 2 ജീവനക്കാർ ശ്രീമതി. വിജയലക്ഷ്മി പി.കെ., ശ്രീ. ഉണ്ണി പി.കെ., എന്നിവർ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ, വകുപ്പിൽ നിലവിലുള്ള ഏഴ് (7) ഒഴിവുകളിലേയ്ക്ക് ഡെപ്യൂട്ടി ഡയറക്ടർമാരിൽ ഏറ്റവും സിനിയർമാരായ യഥാക്രമം ശ്രീ. സന്തോഷ് കെ.വി., ശ്രീമതി.അജി കെ.എസ്., ശ്രീ പ്രമോദ് വിശ്വനാഥൻ, ശ്രീ.അഗസ്റ്റിൻ ഒ.കെ., ശ്രീ.ശശിഭൂഷൻ ഇ., ശ്രീമതി.ശ്രീജ കെ., ശ്രീ.അജിതൻ റ്റി.എൻ., എന്നിവർക്ക് ഹയർ ഗ്രേഡ് റേഷ്യോ പ്രമോഷൻ അനുവദിക്കണമെന്ന് വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, താഴെ പറയുന്ന ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അവരുടെ പേരുകൾക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന തീയതികൾ പ്രാബല്യത്തിൽ 95600-153200 എന്ന ശമ്പള സ്കെയിലിൽ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | പ്രാബല്യതീയതി |
|---|---|---|
| 1 | ശ്രീ. സന്തോഷ് കെ. വി. | 01.04.2022 പൂർവ്വാഹ്നം |
| 2 | ശ്രീമതി.അജി കെ.എസ് | 01.06.2022 പൂർവ്വാഹ്നം |
| 3 | ശ്രീ. പ്രമോദ് വിശ്വനാഥൻ | 24.06.2022 പൂർവ്വാഹ്നം |
| 4 | ശ്രീ.അഗസ്റ്റിൻ ഒ.കെ. | 25.06.2022 പൂർവ്വാഹ്നം |
| 5 | ശ്രീ.ശശിഭൂഷൻ ഇ. | 27.06.2022 പൂർവ്വാഹ്നം |
| 6 | ശ്രീമതി.ശ്രീജ കെ. | 29.06.2022 പൂർവ്വാഹ്നം |
| 7 | ശ്രീ.അജിതൻ റ്റി.എൻ. | 01.07.2022 പൂർവ്വാഹ്നം |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി ജി.**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(ഫയൽ നം എസ്റ്റാ.ഡി1/95/2022/ധന(ഇ 2167893)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ